LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കമ്മിറ്റി

72 (1471) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 20-8-2014-ലെ സ.ഉ.(സ)1526/14/കൃഷി ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഒമ്പതംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. 27-10-2014-ൽ കൂടിയ കമ്മിറ്റിയുടെ ആദ്യയോഗം ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർവ്വീസ് സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരിൽനിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത കരട് റിപ്പോർട്ട് 16-2-2015-ൽ കൂടിയ കമ്മിറ്റി ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികൾ വരുത്തി കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

ക്ഷീരകർഷക ക്ഷേമനിധി

73 (1472) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷക ക്ഷേമനിധിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട്;

(ബി) ക്ഷേമനിധിയിൽ നിന്നും നിലവിൽ എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ;

(സി) മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്ക് നൽകി വരുന്നത് ; വിശദാംശം വ്യക്തമാക്കാമോ ?